بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

# Khutba Khulasa 08-11-2024 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**
**യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം**

## തഹ്‌രീകെ ജദീദിന്റെ തൊണ്ണൂറ്റി ഒന്നാംവത്സര വിളംബരം

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ. بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ. اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ. الرَّحْمٰنِ الرَّحِيْمِ. مٰلِكِ يَوْمِ الدِّيْنِ. إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ. اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ. صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ.

الَّذِيْنَ يُنْفِقُوْنَ أَمْوَالَهُمْ بِالَّيْلِ وَالنَّهَارِ سِرًّا وَّعَلَانِيَةً فَلَهُمْ أَجْرُهُمْ عِنْدَ رَبِّهِمْ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُوْنَ (البقرة 275)

തശഹ്ഹുദും തഅവ്വുദും സൂറ ഫാത്തിഹയും പാരായണം ചെയ്തതിന് ശേഷം ഹുസൂർ തിരുമനസ്സ് സൂറത്തുൽ ബഖറയിലെ 275-ആം ആയത്ത് പാരായണം ചെയ്തു. അതിന്റെ- പരിഭാഷ ഇപ്രകാരമാണ്.

''രഹസ്യമായും പരസ്യമായും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ രാവും പകലും തങ്ങളുടെ ധനം ചെലവു ചെയ്യുന്നവർ, അവർക്കവരുടെ നാഥന്റെയടുക്കൽ അവരുടെ പ്രതിഫലം ഉണ്ട്. അവർക്ക് യാതൊരു ഭയവുമുണ്ടായിരിക്കുകയില്ല. അവർ ദുഖിതരാകുകയുമില്ല.''

അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യ ജമാഅത്ത് അല്ലാഹുവിന്റെ ഈ നിർദേശപ്രകാരം സാമ്പത്തികത്യാഗങ്ങളിൽ മുൻപന്തിയിൽ തങ്ങളെ സമർപ്പിക്കുന്നവരാണ്. ജമാഅത്തിന് വിവിധ ചന്ദകൾ ഉണ്ട്. നിർബന്ധ ചന്ദകൾ അഥവാ ചന്ദ ആം, ചന്ദ വസിയ്യത്ത് എന്നിവ കൂടാതെ തഹ്‌രീകെ ജദീദ്, വഖ്ഫെ ജദീദ് എന്നീ പദ്ധതികളും ഉണ്ട്. ആവശ്യഘട്ടങ്ങളിൽ എല്ലാം തന്നെ ജമാഅത്തെ അഹ്മദിയ്യയിലെ അംഗങ്ങൾ വിശ്വസ്തതയോടെയും ആത്മാർത്ഥതയോടെയും സാമ്പത്തിക ഞെരുക്കം ഉണ്ടാകും എന്ന ഭയമന്യേ സാമ്പത്തിക ത്യാഗങ്ങളിൽ പങ്കാളികളാകുന്നു.

നമ്മുടെ ജമാഅത്തിലെ ഭൂരിപക്ഷവും കുറഞ്ഞ വരുമാനമുള്ളവരും സാധാരണക്കാരുമാണ്. എന്നിരുന്നാലും അസാധാരണമായ ത്യാഗങ്ങൾ ചെയ്യുന്നവരാണ്. തങ്ങളുടെ വരുമാനം കുറവാണ്, ജമാഅത്തിൽ ഇത്രയധികം സാമ്പത്തിക പദ്ധതികൾ ഉണ്ട്, എങ്ങനെയാണ് ഞങ്ങൾക്ക് നൽകാൻ കഴിയുക എന്നൊന്നും അവർ ഒരിക്കലും പറയുന്നവരല്ല. മറിച്ച് വളരെ സന്തോഷത്തോടെയും ആവേശത്തോടെയും അവർ ത്യാഗങ്ങൾ ചെയ്യുന്നു. ചിലർ വളരെയധികം ത്യാഗങ്ങൾ സഹിച്ച്, അതായത് തങ്ങളുടെ ഭക്ഷണത്തിന്റെയും തങ്ങളുടെ കുട്ടികളുടെയും വരെ ചിലവുകൾ കുറച്ചുകൊണ്ടാണ് സാമ്പത്തികത്യാഗം ചെയ്യുന്നത് എന്നെനിക്കറിയാം. അത്തരത്തിലുള്ളവരും ഒരിക്കലും തന്നെ ഞങ്ങൾ ഇങ്ങനെയെല്ലാം ത്യാഗം ചെയ്യുന്നുണ്ട് എന്ന് വെളിപ്പെടുത്താറില്ല. അതുപോലെ ഞങ്ങൾക്കും ഇന്ന ഇന്ന ആവശ്യങ്ങൾ ഉണ്ട്, എന്തിനാണ് ഞങ്ങളുടെ മേൽ ഇങ്ങനെ ഭാരം ചുമത്തുന്നത് എന്ന് പറയാറുമില്ല.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തഹ്‌രീക് ജദീദിന് പദ്ധതിക്ക് തുടക്കം കുറിച്ചപ്പോൾ ലളിതജീവിതം നയിക്കാനാണ് ആവശ്യപ്പെട്ടത്. അദ്ദേഹം പറഞ്ഞു; ലളിതജീവിതം നയിച്ച് പണം സ്വരുക്കൂട്ടുന്നതിനായി ചിലവുകൾ കുറക്കുക. അതിനാൽ പലരും ലളിത ജീവിതം നയിച്ച് വലിയ വലിയ തുകകൾ നൽകുന്നുണ്ട്. പ്രത്യക്ഷത്തിൽ അവരെ കാണുമ്പോൾ ഇത്രയും വലിയ തുകകൾ നൽകാൻ കഴിയുന്നവരല്ല എന്ന പ്രതീതിയാണ് വരുക. എന്നാൽ അവർ ആയിരക്കണക്കിന് ഡോളറുകളും പൗണ്ടുകളും യൂറോകളും ത്യാഗം ചെയ്തുകൊണ്ടിരിക്കുന്നവരാണ്. ഈ ഭൗതീകമയമായ ലോകത്ത് ഈ രാജ്യങ്ങളിൽ വസിച്ച് ഇത്രയും വലിയ ത്യാഗങ്ങൾ ചെയ്യുക എന്നത് പ്രയാസമേറിയ കാര്യമാണ്. പാകിസ്താൻ, ഹിന്ദുസ്ഥാൻ എന്നീ ദരിദ്രരാജ്യങ്ങളിലും, അതുപോലെ ആഫ്രിക്കയിലെ രാജ്യങ്ങളിലും വരുമാനമാർഗ്ഗങ്ങൾ വളരെ കുറവാണ്. വളരെ പ്രയാസത്തോടെയാണ് അവിടെ ജനങ്ങൾ കഴിഞ്ഞു പോകുന്നത്. എന്നിരുന്നാലും അവർ ത്യാഗങ്ങളിൽ മുന്നേറിക്കൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനായി അവർ രഹസ്യമായും പരസ്യമായും സാമ്പത്തിക ത്യാഗങ്ങളിൽ ഏർപ്പെടുന്നു. ഇവർ തന്നെയാണ് യഥാർത്ഥവിശ്വാസികളും ദൈവപ്രീതി കരസ്ഥമാക്കുന്നവരും. ചിലർ ഏതെങ്കിലും സാമ്പത്തിക പദ്ധതിയെ കുറിച്ച് അറിയിപ്പ് ഉണ്ടാകുമ്പോഴോ അല്ലെങ്കിൽ തഹ്‌രീക് ജദീദിന്റെയോ വഖ്ഫ് ജദീദിന്റെയോ അറിയിപ്പ് ഉണ്ടാകുമ്പോഴോ കടം വാങ്ങിയും ചന്ദ നൽകുന്നു. കടം വാങ്ങി നൽകേണ്ടത് അത്യാവശ്യമല്ല എങ്കിലും അവർ അങ്ങനെ ചെയ്യുന്നു. എന്നാൽ അവർക്ക് യാതൊരു ഭയവും ഇല്ല. എന്തെന്നാൽ

ഇത് അല്ലാഹുവിന്റെ വഴിയിൽ ചിലവ് ചെയ്യപ്പെടുന്നത് കൊണ്ട് തീർച്ചയായും അല്ലാഹു തങ്ങളുടെ ആവശ്യങ്ങളെ പൂർത്തീകരിക്കും എന്നവർക്കറിയാം.

അഹ്മദിയ്യ ജമാഅത്തിന് അല്ലാഹു വലിയ വലിയ ത്യാഗങ്ങൾ ചെയ്യുന്നവരെ തന്നരുളിയിട്ടുണ്ട്. ഇവർ മറ്റു മുസ്ലിങ്ങളെ പോലെ അഞ്ചോ പത്തോ രൂപ നൽകികൊണ്ട് നൂറു തവണ പള്ളിയിൽ വിളംബരം ചെയ്യുന്നവരെ പോലെയല്ല. സാമ്പത്തികത്യാഗങ്ങളിൽ തങ്ങളെ ആവേശപൂർവ്വം സമർപ്പിക്കുന്ന ധാരാളം ആളുകളുടെ സംഭവങ്ങൾ എന്റെ മുന്നിൽ വരാറുണ്ട്. ഇതിൽ ആഫ്രിക്കൻ രാജ്യങ്ങളുമുണ്ട്, യൂറോപ്യൻ രാജ്യങ്ങളുമുണ്ട്, ഏഷ്യൻ രാജ്യങ്ങളുമുണ്ട്. ദരിദ്രർ വളരെ ത്യാഗം സഹിച്ചാണ് ചന്ദ നൽകുന്നത്. അവർ നൽകുന്ന തുക പ്രത്യക്ഷത്തിൽ ചെറുതാണെങ്കിലും അതിന്റെ മൂല്യം അല്ലാഹുവിന്റെ ദൃഷ്ടിയിൽ വളരെ വലുതാണ്. ഈ ത്യാഗത്തിന്റെ ആത്മാവ് വിദൂരദേശങ്ങളിലെ ദരിദ്രരാഷ്ട്രങ്ങളിലെ ജനങ്ങളിലുമുണ്ട്. അവർ സാമ്പത്തികത്യാഗത്തിലൂടെ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതോടൊപ്പം അല്ലാഹു അവരെ എല്ലാവിധത്തിലുമുള്ള ഭയത്തിൽ നിന്നും മുക്തനാകുകയും അവരുടെ ആവശ്യങ്ങളെ പൂർത്തീകരിക്കുകയും ചെയ്യുന്നു.

ഉദാഹരണത്തിന് ജർമനിയിലെ റോഡ്ഗാവ് എന്ന ജമാഅത്തിലെ സദ്ർ സാഹിബ് പറയുന്നു: ജീവിതം വഖ്ഫ് ചെയ്ത (വാഖിഫെ സിന്ദഗി) ചിലർ തങ്ങളുടെ ഒരു മാസ അലവൻസ് സാമ്പത്തികത്യാഗം ചെയ്യുന്നതായി വിളംബരം ചെയ്തു. ഇത് കാരണം മറ്റുള്ള ജമാഅത്തംഗങ്ങൾക്കും വലിയ ത്യാഗങ്ങൾ ചെയ്യുന്നതിനുള്ള പ്രചോദനമായി. ഒരു വ്യക്തി വലിയ ഒരു തുക ചന്ദ നൽകി. അതിനടുത്ത വർഷം അദ്ദേഹം ഇരട്ടിയിലധികം ചന്ദ നൽകുകയും ചെയ്തു. ത്യാഗത്തിന്റെ ഈ ആവേശം കാരണം അദ്ദേഹത്തിന്റെ ജീവിതത്തിൽ ലാളിത്യത്തിന്റെയും മിതവ്യയത്തിന്റെയും നി റങ്ങൾ ചാർത്തപ്പെട്ടു. അദ്ദേഹം ലളിതമായി വസ്ത്രം ധരിക്കാനും ലാളിത്യത്തോടെ ജീവിക്കാനും ആരംഭിച്ചു. സെക്രട്ടറി മാൽ പറയുന്നു: പ്രത്യക്ഷത്തിൽ അദ്ദേഹത്തെ കാണുമ്പോൾ അദ്ദേഹം ഇത്രയും വലിയ ത്യാഗം ചെയ്യുമെന്ന് മനസ്സിലാക്കാൻ കഴിയില്ലായിരുന്നു. ഇത് പറയുമ്പോൾ എനിക്ക് ഒരു പഴയ സംഭവം ഓർമ്മ വരുകയാണ്. കറാച്ചിയിൽ ശെയ്ഖ് മജീദ് സാഹിബ് എന്ന നമ്മുടെ ഒരു സാത്വികനായ സുഹൃത്ത് ഉണ്ടായിരിന്നു. അദ്ദേഹം വലിയ വലിയ തുകകൾ സാമ്പത്തികത്യാഗം ചെയ്യാറുണ്ടായിരുന്നു. തന്റെ വീട്ടു ചിലവുകൾക്ക് ശേഷമുള്ള പണം എല്ലാതും വിവിധ പദ്ധതികൾക്കായി നൽകുമായിരുന്നു. അദ്ദേഹം പറയാറുണ്ടായിരുന്നത് എന്തെന്നാൽ, ഞാൻ വ്യാപാരം ചെയ്യുന്നത് തന്നെ ജമാഅത്തിന് വേണ്ടിയാണ് എന്നാണ്.

ഖാദിയാനിലെ വക്കീലുൽ മാൽ എഴുതുന്നു: കേരളത്തിലെ ഒരു സഹോദരൻ പറയുന്നു: എന്റെ സാമ്പത്തിക അവസ്ഥ വളരെ മോശമായിരുന്നു. ജോലി ഒന്നും ലഭിക്കുന്നുണ്ടായിരുന്നില്ല. അവസാനം ഞാൻ കരുതി, വസ്ത്രവ്യാപാരം ചെയ്തു നോക്കാം. അങ്ങനെ ഫുട്പാത്തിൽ തന്നെ ഒരു മേശയിട്ട് കച്ചവടം തുടങ്ങി. ചന്ദയും കൃത്യമായി നൽകാൻ തുടങ്ങി. അല്ലാഹുവിന്റെ. അനുഗ്രഹത്താൽ എന്റെ വരുമാനത്തിൽ വലിയ അനുഗ്രഹം ഉണ്ടായി. ഇപ്പോൾ ഞാൻ വലിയ തുകകൾ ചന്ദ നൽകുന്നുണ്ട്. രണ്ട് മൂന്ന് വർഷത്തിൽ വ്യാപാരവും വിപുലമായി. അല്ലാഹുവിന് വേണ്ടി ചന്ദ മുടങ്ങാതെ നൽകിയതിന്റെ ഫലമായി വ്യാപാരത്തിൽ ബർക്കത്ത് ആണ് എന്റെ വ്യാപാരം വിപുലീകരിക്കപ്പെട്ടതിന്റെ കാരണം. ചില സാഹചര്യങ്ങൾ കാരണം മറ്റുള്ളവരുടെ വരുമാന മാർഗ്ഗങ്ങൾ തടസ്സപ്പെട്ടുകൊണ്ടിരുന്നു എങ്കിലും എനിക്ക് ലാഭം ഉണ്ടായിക്കൊണ്ടിരുന്നു. ഇപ്പോൾ ഇദ്ദേഹത്തിന് വലിയ വലിയ കടകൾ ഉണ്ട്. ഫുട്പാത്തിൽ ഒരു മേശ ഇട്ടു തുടങ്ങിയ കച്ചവടം ഇപ്പോൾ വലിയ വലിയ കടകളിൽ എത്തി നില്ക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇപ്പോൾ അദ്ദേഹം ലക്ഷങ്ങൾ ചന്ദ നൽകുന്നു. ഈ വർഷം അദ്ദേഹം തഹ്രീക് ജദീദിൽ പത്ത് ലക്ഷം രൂപ ചന്ദ നൽകുകയുണ്ടായി.

ദൃഢവിശ്വാസമുള്ളവർ അതായത് നല്ല ഉദ്ദേശത്തോടെ അല്ലാഹുവിന് വേണ്ടി ത്യാഗങ്ങൾ ചെയ്യാൻ ആഗ്രഹിക്കുന്നവർ എല്ലാ സ്ഥലങ്ങളിലും ഇങ്ങനെയുള്ള ഈമാൻ വർധിപ്പിക്കുന്ന സംഭവങ്ങൾ കാണുന്നു. സമ്പന്നരാജ്യങ്ങളിൽ വസിക്കുന്നവരാകട്ടെ, ദരിദ്രരാജ്യങ്ങളിൽ വസിക്കുന്നവരാകട്ടെ, അവർക്ക് അല്ലാഹു ഇത്തരത്തിലുള്ള കാഴ്ചകൾ കാണിച്ച് അവരുടെ വിശ്വാസത്തെ ദൃഢപ്പെടുത്തുന്നു. വിശ്വാസം ദൃഢപ്പെടുത്താൻ വേണ്ടി ഇത്തരത്തിലുള്ള എണ്ണമറ്റ സംഭവങ്ങൾ അല്ലാഹു വെളിപ്പെടുത്തി കൊണ്ടിരിക്കുന്നു. ഇതെല്ലാം അറിയുമ്പോൾ മറ്റുള്ളവരുടെ ഉള്ളിലും ത്യാഗത്തിന്റെ. ആത്മാവ് പിറവിയെടുക്കുന്നു.

ഇതിന് ശേഷം ഹുസൂർ തിരുമനസ്സ് കഴിഞ്ഞ വർഷത്തെ കണക്ക് വിവരങ്ങൾ അവതരിപ്പിക്കുകയും തഹ്രീക് ജദീദിന്റെ പുതിയ വർഷം ആരംഭിക്കുന്നതായി വിളംബരപ്പെടുത്തുകയും ചെയ്തു.

തഹ്രീക് ജദീദിന്റെ 90ആം വർഷത്തിൽ ജമാഅത്തിന് 17.98 മില്യൺ പൗണ്ട് ത്യാഗം ചെയ്യാനുള്ള തൗഫീഖ് ലഭിച്ചു. അൽഹംദുലില്ലാഹ്. ഇത് കഴിഞ്ഞ വർഷത്തേക്കാൾ 7 ലക്ഷത്തി 79 ആയിരം പൗണ്ട് അധികമാണ്.

ചന്ദ വസൂൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആദ്യത്തെ പത്ത് ജമാഅത്തുകൾ: ജർമ്മനി,

ബ്രിട്ടൻ, അമേരിക്ക, കാനഡ, പശ്ചിമേഷ്യയിലെ ഒരു രാജ്യം, ഇന്ത്യ, ഓസ്ട്രേലിയ, ഇന്തോനേഷ്യ, പശ്ചിമേഷ്യയിലെ മറ്റൊരു രാജ്യം, ഘാന എന്നീ രാജ്യങ്ങളാണ്.

പ്രതിശീർഷ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ: അമേരിക്ക, സ്വിട്സർലാൻഡ്, ബ്രിട്ടൻ, കാനഡ, ഓസ്ട്രേലിയ.

പ്രത്യേക പരാമർശത്തിനർഹമായ ജമാഅത്തുകൾ: ബംഗ്ലാദേശ്, നൈജീരിയ, ഹോളണ്ട്, ഓസ്ട്രിയ, ഫ്രാൻസ്, സ്വിട്സർലാൻഡ്, അയർലൻഡ്, പശ്ചിമേഷ്യയിലെ ഒരു ജമാഅത്ത്.

ഈ അവസരത്തിൽ ഹുസൂർ തിരുമനസ്സ് ബംഗ്ലാദേശിലെ ജമാഅത്തിന് വേണ്ടി ദുആ ചെയ്യാൻ ആഹ്വാനം ചെയ്തു.

തഹ്‌രീക് ജദീദിൽ പങ്കെടുത്തവരുടെ ആകെ എണ്ണം 16 ലക്ഷത്തി 81 ആയിരമാണ്. കഴിഞ്ഞ വർഷത്തേക്കാൾ അൻപതിനായിരം ആളുകളുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ചന്ദയിൽ പങ്കെടുക്കുന്നവരുടെ എണ്ണം വർധിപ്പിക്കുന്നവരിൽ പ്രത്യേക പരാമർശത്തിനർഹരായ ജമാഅത്തുകൾ: നൈജീരിയ, കോംഗോബ്രസാവിൽ, നൈജർ, ഗാംബിയ, കോംഗോ കിൻഷാസ, കാമറൂൺ, ഗിനി കുനാ കിരി, ഗിനി ബസാവോ, ഉഗാണ്ട, സെറാലിയോൺ.

ഇന്ത്യയിലെ പത്ത് സംസ്ഥാനങ്ങൾ: കേരളം, തമിഴ്നാട്, തെലുങ്കാന, ഒഡീശ, കർണാടക, ജമ്മു കശ്മീർ, പഞ്ചാബ്, ബംഗാൾ, മഹാരാഷ്ട്ര, ഡൽഹി.

ആദ്യത്തെ പത്ത് ജമാഅത്തുകൾ: ഹൈദരാബാദ്, ഖാദിയാൻ, കാലിക്കറ്റ്, കോയമ്പത്തൂർ, മഞ്ചേരി, മേലേപാളയം, ബാംഗ്ലൂർ, കൊൽക്കത്ത, കേരംഗ്, കരുളായി.

ഹുസൂർ തിരുമനസ്സ് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഒരു ഉദ്ധരണി കേൾപ്പിച്ചതിന് ശേഷം ഇപ്രകാരം പറഞ്ഞു: ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പ്രതീക്ഷകൾക്കനുസരിച്ച് ത്യാഗങ്ങളിൽ മുന്നേറുന്നവരായി നാം മാറട്ടെ, സാമ്പത്തിക ത്യാഗങ്ങൾക്കൊപ്പം നമ്മുടെ ആത്മീയ അവസ്ഥകളെ മെച്ചപ്പെടുത്തുന്നവരാകട്ടെ. അല്ലാഹുവുമായുള്ള ബന്ധം വർധിപ്പിക്കുന്നതോടൊപ്പം സാമ്പത്തിക ത്യാഗങ്ങളിൽ മാത്രമല്ലാതെ ഒരു യഥാർത്ഥ മുസ്ലിമിനെ പോലെ എല്ലാ മേഖലകളിലും ഒരു യഥാർത്ഥ വിശ്വാസിയുടെ മാതൃകയായി നമ്മുടെ മാതൃക സമർപ്പിക്കാൻ നമുക്ക് കഴിയുമാറാകട്ടെ. നമ്മുടെ കർമ്മങ്ങൾ ഈ രീതിയിലാകുമ്പോൾ ജമാഅത്തിന്റെ പുരോഗതിയെ നാം കാണുന്നതാണ്. മുമ്പത്തേക്കാൾ കൂടുതൽ വിജയങ്ങൾ നമുക്ക് ലഭിക്കുന്നതായിരിക്കും. ഇൻശാ അല്ലാഹ്. നാം അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ദർശിച്ചുകൊണ്ടിരിക്കുന്നതായിരിക്കും. ശത്രുക്കളെ പരാജിതരും നിരാശരുമാകുന്നത് നാം കാണുന്നതാണ്. ആ ദിനങ്ങൾ അല്ലാഹു നമുക്ക് താമസംവിനാ കാണിച്ചു തരുമാറാകട്ടെ. സാമ്പത്തികത്യാഗം ചെയ്ത എല്ലാവർക്കും അല്ലാഹു പ്രതിഫലം നൽകുമാറാകട്ടെ. അവരുടെ സമ്പത്തിലും ജീവനിലും അല്ലാഹു അനുഗ്രഹം ചൊരിയുമാറാകട്ടെ. അല്ലാഹു അവർക്ക് മികച്ച രീതിയിൽ തങ്ങളുടെ ജീവിതം മുന്നോട്ടു കൊണ്ടുപോകാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. തങ്ങളുടെ സന്താനങ്ങളിലും വരുംതലമുറകളിലും കണ്ണിന് കുളിർമ ഉണ്ടാകട്ടെ. അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിൽ മുന്നേറിക്കൊണ്ടിരിക്കുന്നവരാകട്ടെ. അല്ലാഹു ഇങ്ങനെ തന്നെ ചെയ്യുമാറാകട്ടെ. ആമീൻ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 08-11-2024
Malayalam Translation: **Moulavi P.M.Waseem Ahmad Shahid**
For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516